# ഭയക്കേണ്ടത് അല്ലാഹുവിനെ മാത്രം

അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّمَا ذَٰلِكُمُ ٱلشَّيۡطَٰنُ يُخَوِّفُ أَوۡلِيَآءَهُۥ فَلَا تَخَافُوهُمۡ وَخَافُونِ إِن كُنتُم مُّؤۡمِنِينَ ﴾

(അത് (നിങ്ങളെ പേടിപ്പിക്കുവാൻ ശ്രമിച്ചത്) പിശാച് മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി (നിങ്ങളെ) പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ) (വി.ക്വു. 3: 175)

അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّمَا يَعۡمُرُ مَسَٰجِدَ ٱللَّهِ مَنۡ ءَامَنَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَلَمۡ يَخۡشَ إِلَّا ٱللَّهَۖ فَعَسَىٰٓ أُوْلَٰٓئِكَ أَن يَكُونُواْ مِنَ ٱلۡمُهۡتَدِينَ ﴾

(അല്ലാഹുവിന്റെ പള്ളി പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുകയും. നമസ്കാരം മുറപോലെ നിർവ്വ ഹിക്കുകയും, സക്കാത്ത് നൽകുകയും, അല്ലാഹുവെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാണ്. എന്നാൽ അ ത്തരക്കാർ സന്മാർഗ്ഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിലായേക്കാം.) (വി.ക്വു. 9:18)

അല്ലാഹു ﷻ പറഞ്ഞു:

﴿ وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِيَ فِي ٱللَّهِ جَعَلَ فِتۡنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ ﴾

( 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു.'എന്ന് പറയുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവർ പീഡിപ്പിക്കപ്പെട്ടാൽ ജനങ്ങളുടെ മർദ്ദനത്തെ അല്ലാഹുവിന്റെ ശിക്ഷയെപ്പോലെ അവർ ഗണിക്കുന്നു..............)
(വി.ക്വു.29: 10)

അബൂ സഈദ് അൽഖുദ്രി ﵁ വിൽനിന്നും (റസൂൽ ﷺ പറഞ്ഞതായി) നിവേദനം:

«إن من ضعْف اليقين أن ترضي الناس بسخط الله، وأن تحمَدهم على رزق الله،

وأن تذمهم على ما لم يؤتك الله، إن رزق الله لا يجره حرص حريص، ولا يردُّه كراهية كاره».

"നിശ്ചയം, വിശ്വാസദാർഢ്യത്തെ ദുർബലപ്പെടുത്തുന്ന കാര്യങ്ങളിൽപ്പെട്ടതാണ്: അല്ലാഹുവിന്റെ കോപം സമ്പാദിച്ച് ജനങ്ങളെ തൃപ്തിപ്പെടുത്തലും, അല്ലാഹു നൽകിയ ഉപജീവനത്തിന് മറ്റുള്ളവരെ സ്തുതിക്കലും, അല്ലാഹു നിനക്ക് നൽകാത്തതിൽ നീ അവരെ ആക്ഷേപിക്കലും. നിശ്ചയം, അല്ലാഹുവിന്റെ ഉപജീവനത്തെ ഒരു അത്യാർത്തികാരന്റെ ആർത്തി കൊണ്ടുവരികയില്ല. നീരസമുള്ളവന്റെ നീരസം അതിനെ തടുക്കുകയുമില്ല."[1]

ആയിശ‌ﷺയിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«من التمس رضى الله بسخط الناس؛ رضي الله عنه وأرضى عنه الناس، ومن التمس رضى الناس بسخط الله، سخط الله عليه وأسخط عليه الناس»

"ഒരാൾ അല്ലാഹുവിന്റെ തൃപ്തി തേടി; ജനങ്ങളുടെ അതൃപ്തി വകവെക്കാതെ എങ്കിൽ അല്ലാഹു അയാളെ തൃപ്തിപ്പെടുകയും ജനങ്ങളുടെ തൃപ്തി അയാൾക്ക് നേടികൊടുക്കുകയും ചെയ്യും, ഒരാൾ ജനങ്ങളുടെ തൃപ്തി തേടി; അല്ലാഹുവിന്റെ കോപം വകവക്കാതെ, എങ്കിൽ അല്ലാഹു അയാളോട് കോപിക്കുകയും ജനങ്ങളുടെ കോപം അയാൾക്ക് നേടികൊടുക്കുകയും ചെയ്യും."[2]

## ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:

- സൂറത്ത് ആലുഇംറാനിലെ ആയത്തിന്റെ തഫ്സീർ.
- സൂറത്ത് ബറാഅഃ യിലെ ആയത്തിന്റെ തഫ്സീർ.
- സൂറത്ത് അൻകബൂത്തിലെ ആയത്തിന്റെ തഫ്സീർ.
- 'യക്വീൻ' (വിശ്വാസ ദൃഢത) ശക്തിപ്പെടുകയും ദുർബലപ്പെടുകയും ചെയ്യും.

---

[1] അബൂ നുഐം ഹിൽയയിലും, ബൈഹകി ശുഅബുൽ ഈമാനിലും റിപ്പോർട്ട് ചെയ്തത്. ഹദീഥ് 'ദ്വഈഫ് ' ആകുന്നു.

[2] സ്വഹീഹു ഇബ്നി ഹിബ്ബാൻ.

- അത് ദുർബലപ്പെടുമെന്നതിന്റെ അടയാളങ്ങളിൽപെട്ടതാണ് അബൂസഈദ് ﷺവിന്റെ ഹദീഥിൽ പറഞ്ഞ മുന്ന് കാര്യങ്ങൾ.
- അല്ലാഹുﷻയെ മാത്രം ഭയക്കുകയെന്നത് നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്.
- അപ്രകാരം പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം.
- അത് ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**